# വിശ്വാസപരിശീലന കേന്ദ്രം

## വേദപാഠാദ്ധ്യാപകർക്കുള്ള അടിസ്ഥാന പരിശീലന പരിപാടി

വേദപാഠാദ്ധ്യാപകർക്കായി റിന്യൂവൽ സെന്ററിൽ 2018 ജൂൺ 23-24 ദിവസങ്ങളിൽ നടന്ന താമസിച്ചുള്ള പരിശീലനത്തിൽ 141 അദ്ധ്യാപകർ പങ്കെടുത്തു. ചേർത്തല നൈപുണ്യയിൽ വച്ച് നടന്ന ട്രെയിനിംഗിൽ 40 പേർ പങ്കെടുത്തു.

അടുത്ത പരിശീലന പരിപാടി ഒക്ടോബർ 13-14 (ശനി, ഞായർ) തീയതികളിൽ ചുണങ്ങംവേലി, നിവേദിതയിൽ വച്ചു നടത്തുന്നു. (താമസിച്ചുള്ളത് - 150 പേർക്കു മാത്രം). പങ്കെടുക്കുവാനായി വരുന്നവരോട് പൂർണ്ണമായും പരിശീലന പരിപാടിയിൽ പങ്കെടുക്കണമെന്നും സമയത്തുതന്നെ എത്തിച്ചേരണമെന്നും ബഹു. വികാരിയച്ചന്മാർ നിർദ്ദേശം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അദ്ധ്യാപകർക്കുള്ള പരിശീന പരിപാടിയിൽ പങ്കെടുക്കാത്തവരായി ഇനിയും ആരെങ്കിലും ഉണ്ടെങ്കിൽ അവരുടെ എണ്ണം പ്രധാനാദ്ധ്യാപകർ വഴി ഫൊറോന സെക്രട്ടറിയെ അറിയിച്ചാൽ ഈ വർഷം വീണ്ടും ഒരു ട്രെയിനിംഗ് പ്രോഗ്രാം കൂടി നടത്തുന്നതിനെക്കുറിച്ച് ചിന്തിക്കുന്നതാണ്.

## ഡിപ്ലോമ റെസിഡൻഷ്യൽ കോഴ്സ്

ഇടവകയിൽ നടത്തുന്ന വേദപാഠക്ലാസ്സിൽ വരുവാൻ ആഗ്രഹിച്ചിട്ടും എൻട്രസ് കോച്ചിങ്ങിനും മറ്റും പോകുന്നതുകൊണ്ടു മാത്രം അതിനു നിവൃത്തി ഇല്ലാത്ത കുട്ടികൾക്കുവേണ്ടി അതിരൂപതാ കേന്ദ്രം ഒരുക്കുന്ന ബദൽ സംവിധാനമാണ് റെസിഡൻഷ്യൽ കോഴ്സ്. ഈ വർഷത്തെ പ്ലസ്സ് വൺ കുട്ടികൾക്കായുള്ള കോഴ്സ് **സെപ്റ്റംബർ 20-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 5.30-ന് ആരംഭിച്ച് സെപ്റ്റംബർ 22-ാം തീയതി ശനിയാഴ്ച ഉച്ചയോടുകൂടി അവസാനിക്കുന്നു.** പ്ലസ്സ് ടു കുട്ടികൾക്കായുള്ള കോഴ്സ് **ഒക്ടോബർ 19 മുതൽ 20 വരെ** തീയതികളിലാണ്. കോഴ്സിന് പങ്കെടുക്കാനുള്ള അപേക്ഷാ ഫോറവുമായി കുട്ടികൾ വരുമ്പോൾ അവർ എൻട്രസ് കോച്ചിങ് സെന്ററിലെ എഴുത്ത് കൊണ്ടുവരുമെന്ന് ഉറപ്പാക്കുമല്ലോ. രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി **സെപ്റ്റംബർ 1** ആയിരുന്നു. ഇനി ആരെയും എഴുത്തുമായി പറഞ്ഞുവിടരുതെന്ന് അഭ്യർത്ഥിക്കുന്നു.

## ഒന്നാം സെമസ്റ്റർ പരീക്ഷ

ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 7-നാണെന്ന കാര്യം ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു. രാവിലെ 10.30 മുതൽ 12.30 വരെയാണ് പരീക്ഷ

നടത്തുന്ന ഔദ്യോഗിക സമയം. ഏതെങ്കിലും കാരണവശാൽ ഈ സമയത്ത് പരീക്ഷ നടത്താൻ സാധിക്കാതെ വരുന്ന ഇടവകകൾ ദയവായി ഓഫീസിൽ വിളിച്ചറിയിക്കുമല്ലൊ.

## പ്രധാന പരിപാടികൾ

**സെപ്തംബർ 2018**

| | | |
|---|---|---|
| 01 ശനി | : | ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിന് പേരുകൾ നൽകേണ്ട അവസാന തീയതി. |
| | | പ്ലസ് വൺ, പ്ലസ്സ് ടു ക്ലാസ്സുകളിലെ കുട്ടികളെ ഓൺ ലൈനിൽ രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി |
| 08 ശനി | : | എൻലൈറ്റ് - പള്ളിപ്പുറം, ചേർത്തല ഫൊറോനകൾ |
| 14 വെള്ളി | : | ഫൊറോന ഡയറക്ടേഴ്സ് മീറ്റ് |
| 15 ശനി | : | വിശ്വാസ പരിശീലനം - എക്സിക്യൂട്ടീവ് യോഗം -റിന്യൂവൽ സെന്റർ: 3.00 pm |
| 16 ഞായർ | : | എലൈവ് - പറവൂർ ഫൊറോന |
| 20 വ്യാഴം | : | എൻലൈറ്റ് - ഇടപ്പള്ളി, എറണാകുളം ഫൊറോനകൾ |
| | | പ്ലസ്സ് വൺ കുട്ടികൾക്കായുള്ള റെസിഡൻഷ്യൽ കോഴ്സ് വൈകുന്നേരം 5.30-ന് |
| 21 വെള്ളി | : | ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ് (പ്ലസ് വൺ) |
| 22 ശനി | : | ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ് (പ്ലസ് വൺ) |
| 23 ഞായർ | : | വിശ്വാസപരിശീലകർക്കുള്ള ട്രെയിനിംഗ് (BOC) പേര് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി |
| | | ജനറൽ കൗൺസിൽ റിന്യുവൽ സെന്റർ 9.30 am - 1.00 pm; വി. കുർബാന 12.00 |
| 30 ഞായർ | : | എലൈവ് - കൊരട്ടി ഫൊറോന |

**ഒക്ടോബർ 2018**

| | | |
|---|---|---|
| 02 ചൊവ്വ | : | എൻലൈറ്റ് - അങ്കമാലി ഫൊറോന |
| 07 ഞായർ | : | ഒന്നാം സെമസ്റ്റർ പരീക്ഷ 10.30 am - 12.30 pm |
| 13 - 14 (ശനി, ഞായർ) | : | വിശ്വാസപരിശീലകർക്കുള്ള ട്രെയിനിംഗ് (BOC) - ചുണങ്ങംവേലി നിവേദിതയിൽ |

**ഫാ. ജോയ്സ് കൈതക്കോട്ടിൽ**
**ഡയറക്ടർ**